# KERALA POLICE INFORMATION CENTRE

Ph: 0471 2318188    Email: *info.pol@kerala.gov.in*

No. 253/PR/PIC/PHQ/18    Date : 06.10.2018

**പ്രകൃതി വിരുദ്ധ ശാരീരിക ബന്ധം : കേസുകളുടെ അന്വേഷണത്തിന് മാനദണ്ഡം പുറപ്പെടുവിച്ചു**

പ്രായപൂർത്തിയായ രണ്ടു വ്യക്തികൾ തമ്മിൽ ഉഭയസമ്മതപ്രകാരമുള്ള പ്രകൃതിവിരുദ്ധ ശാരീരികബന്ധം കുറ്റകരമല്ലെന്ന സുപ്രീം കോടതിവിധിയുടെ പശ്ചാത്തലത്തിൽ ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളിൽ സ്വീകരിക്കേണ്ട മാനദണ്ഡം വ്യക്തമാക്കി സംസ്ഥാന പോലീസ് മേധാവി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

ഇതനുസരിച്ച്, ഇന്ത്യൻ ശിക്ഷാനിയമത്തിലെ സെക്ഷൻ 377 ഉൾപ്പെട്ടിട്ടുള്ള എല്ലാ കേസുകളും പരാതിപ്രകാരമാണോ സ്വമേധയാ ആണോ രജിസ്റ്റർ ചെയ്തത് എന്നതിന്റെ അടിസ്ഥാനത്തിൽ അതത് സ്റ്റേഷൻ ഹൗസ് ഓഫീസർമാർ പട്ടിക തയ്യാറാക്കണം. പരാതിപ്രകാരം എടുത്ത കേസുകളിൽ അന്വേഷണം തുടരുകയും അവസാന റിപ്പോർട്ട് ബന്ധപ്പെട്ട കോടതികളിൽ സമർപ്പിക്കുകയും വേണം. സ്വമേധയാ എടുത്ത കേസുകൾ ഉഭയസമ്മതപ്രകാരമുള്ള ബന്ധമായിരുന്നോ എന്ന് പരിശോധിക്കുകയും അങ്ങനെയാണെങ്കിൽ തുടർനടപടി ഒഴിവാക്കുന്നത് കാണിച്ച് ബന്ധപ്പെട്ട കോടതികൾക്ക് റിപ്പോർട്ട് നൽകുകയും വേണം. ഉഭയസമ്മത പ്രകാരം അല്ലാത്ത ബന്ധം സംബന്ധിച്ച കേസുകളിൽ അന്വേഷണവുമായി മുന്നോട്ടു പോകുന്നതിനുമുൻപ് പരാതി എഴുതി വാങ്ങണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചിട്ടുണ്ട്.

********